# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6238 — 10.07.2012 ൽ മറുപടിക്ക്

## നിയമനത്തിലെ അപാകത പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി: | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്ത് വകുപ്പിൽ പ്രൊമോഷൻ ലഭിച്ച ജൂനിയറായിട്ടുള്ളവർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിയമനം നൽകുമ്പോൾ അവർക്ക് മുമ്പേ പ്രൊമോഷൻ ലഭിച്ച് അന്യ ജില്ലകളിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ നിയമനം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത്തരത്തിൽ ഉണ്ടായിട്ടുള്ള അസന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (എ) & (ബി) | പഞ്ചായത്ത് വകുപ്പിൽ നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി നടത്തുന്ന സ്ഥലംമാറ്റങ്ങളിൽ പൊതുതാൽപ്പര്യം/ ഭരണ സൗകര്യം മുൻനിർത്തിയുള്ള സ്ഥലം മാറ്റങ്ങൾ, ജൂനിയർ - സീനിയർ പരിഗണന കൂടാതെയാണ്. അന്യ ജില്ലകളിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് സ്റ്റേഷൻ സീനിയോറിറ്റി കണക്കാക്കി സൗകര്യപ്രദമായ സ്ഥലം മാറ്റങ്ങൾ നൽകിയിട്ടുള്ളതും ശേഷിക്കുന്നവർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തി പിന്നീട് വരുന്ന ഒഴിവുകളിൽ സ്ഥലംമാറ്റം നൽകി വരികയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ നിയമനം നൽകുന്ന കാര്യത്തിൽ അസന്തുലിതാവസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ